ക്ഷീരകർഷകന് പാലിന് നൽകുന്ന വില

115 (826)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകന് പാലിന് ലിറ്ററിന് ചുരുങ്ങിയത് 10 രൂപയെങ്കിലും വില നൽകണമെന്ന് സഹകരണ സംഘങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഈ നിർദ്ദേശം ലംഘിക്കപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിൽമ മലബാർ മേഖലാ യൂണിയൻ പാലിന് 50 പൈസ കർഷകന് കുറച്ചു നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എറണാകുളം, തിരുവനന്തപുരം മേഖലകളിൽ ക്ഷീരകർഷകന് ലിറ്ററിന് 10 രൂപ വില നൽകുന്നതുപോലെ മലബാർ മേഖലയിലും നൽകാൻ മിൽമയ്ക്ക് നിർദ്ദേശം നൽകാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. മിൽമ സംഭരിക്കുന്ന നിയമാനുസൃത ഗുണ നിലവാരമുള്ള പാലിന് 10 രൂപ 21 പൈസയാണ് സംഘങ്ങൾക്ക് നൽകുന്നത്. ഗുണനിലവാരം അനുസരിച്ചുള്ളതും ക്ഷീര വികസന ഡയറക്ടറുടെ അംഗീകാരത്തോടുകൂടിയുള്ള പാൽവില ചാർട്ട് ആണ് മിൽമാ സംഘതലത്തിലും ഡയറി തലത്തിലും നടപ്പാക്കിയിട്ടുള്ളത്.

(ബി) അപൂർവ്വം കേസ്സുകളിൽ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശം നേരത്തെ നൽകിയിട്ടുണ്ട്. എന്നാൽ പാലിന്റെ ഉൽപ്പാദനത്തിലും സംഭരണത്തിലും ഉണ്ടാകുന്ന ഏറ്റകുറച്ചിലുകൾക്ക് ആനുപാതികമായും മേഖലായൂണിയനുകളുടെ സാമ്പത്തിക നില തകരാറിലാകാതെയും ഉതകുന്ന തരത്തിൽ പാൽ വിലയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനുള്ള സ്വയംഭരണാവകാശം മിൽമയുടെ 3 മേഖലാ യൂണിയനുകളിലും നിക്ഷിപ്തമാണ്. ഇപ്പോൾ അധിക പാൽ സംഭരിച്ചു വരുന്നതിനാൽ സർപ്ലസ് സീസൺ അവസാനിപ്പിക്കുന്നതുവരെയുള്ള കാലയളവിൽ അതായത് 1.12.99 മുതൽ 15.1.2000 വരെ പാൽ വിലയിൽ ലിറ്ററിൽ 50 പൈസാ കുറവ് വരുത്താനുള്ള മലബാർ യൂണിയന്റെ അപേക്ഷ ക്ഷീര വികസന വകുപ്പ് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്.

ഐ.സി.ഡി.പി സബ്സെന്റർ

116 (827) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഐ.സി.ഡി.പി. സബ്സെന്റർ ആരംഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly